**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5595** **08-07-2024 - ൽ മറുപടിയ്ക്ക്**

**കേരള സ്റ്റാർട്ടപ്പ് മിഷനിൽ രജിസ്റ്റർ ചെയ്ത കമ്പനികളും ലഭ്യമായ നിക്ഷേപങ്ങളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. എം.വിജിൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | ഈ സർക്കാർ വന്നതിനു ശേഷം നാളിതുവരെ കേരള സ്റ്റാർട്ടപ്പ് മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികളുടെ എണ്ണവും അത് മുഖേന ലഭ്യമായ നിക്ഷേപങ്ങളുടെയും വിശദാംശം ലഭ്യമാക്കുമോ; | (എ) | ഈ സർക്കാർ വന്നതിനുശേഷം രജിസ്റ്റർ ചെയ്ത കമ്പനികളുടെ എണ്ണം 2127 ആണ്. പ്രസ്തുത കമ്പനികളിൽ ലഭ്യമായ നിക്ഷേപം 3810 കോടി രൂപയാണ്. |
| (ബി) | 2016 മുതൽ ഇതുവരെയുള്ള കാലയളവിൽ സ്റ്റാർട്ടപ്പ് മിഷൻ വഴി രജിസ്റ്റർ ചെയ്ത കമ്പനികളുടെ എണ്ണവും അതുവഴി എത്ര തൊഴിലവസരം ലഭ്യമാക്കാൻ കഴിഞ്ഞുവെന്നും എത്ര നിക്ഷേപം വന്നുവെന്നും വ്യക്തമാക്കുമോ; | (ബി) | സ്റ്റാർട്ടപ്പ് മിഷന്റെ യുണീക് ഐഡി രജിസ്ട്രേഷൻ ആരംഭിച്ചത് 2019 ലാണ്. രജിസ്ട്രേഷൻ തുടങ്ങിയ ശേഷം നാളിതുവരെ രജിസ്റ്റർ ചെയ്ത കമ്പനികളുടെ എണ്ണം 3263 ആണ്. ഈ കമ്പനികൾ മുഖേന 30000 തൊഴിലവസരങ്ങളും 5341 കോടി രൂപയുടെ നിക്ഷേപവും ലഭ്യമായിട്ടുണ്ട്. |
| (സി) | 2011 മുതൽ 2016 വരെയുള്ള കാലയളവിൽ സ്റ്റാർട്ടപ്പ് മേഖലയിലെ പുരോഗതി വിശദമാക്കുമോ? | (സി) | 2013-14 വരെ ഇൻക്യുബേറ്ററായി പ്രവർത്തിച്ചിരുന്ന ടെക്നോപാർക്ക് ടെക്നോളജി ബിസിനസ്സ് ഇൻക്യുബേറ്ററിനെ കേരള സ്റ്റാർട്ടപ്പ് മിഷനായി നാമകരണം ചെയ്ത് സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥ സ്ഥാപിക്കുന്നതിനുള്ള സർക്കാരിന്റെ നോഡൽ ഏജൻസിയാക്കി 2014-15 മുതലാണ് യുവ സംരംഭകത്വ വികസന പദ്ധതി നടപ്പിലാക്കിയത്.<br><br>2015-2016 കാലഘട്ടത്തിലെ സംസ്ഥാനത്തെ സ്റ്റാർട്ടപ്പ് മേഖലയുടെ സ്ഥിതിവിവര കണക്ക് ചുവടെ നൽകിയിരിക്കുന്നു,<br><br>1. സ്റ്റാർട്ടപ്പുകളുടെ എണ്ണം - 300<br>2. തൊഴിലവസരങ്ങൾ - 3000<br>3. ഐ ഇ ഡി സി കളുടെ എണ്ണം – 80<br>4. ഇൻക്യുബേഷൻ സൗകര്യം - 57000 ചതുരശ്ര അടി<br>5. ലഭ്യമായ മൂലധന നിക്ഷേപം - 207 കോടി രൂപ. |

സെക്ഷൻ ഓഫീസർ